# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5474** **1.07.2019-ൽ മറുപടിക്ക്**

ഗാർഹിക ഊർജ്ജ നഷ്ടം

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | ഗാർഹിക ഊർജ്ജ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദ വിവരം നൽകുമോ? | | ഗാർഹിക ഊർജ്ജ നഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് കെ. എസ്. ഇ. ബി. എൽ സ്വീകരിക്കുന്ന നടപടികൾ ചുവടെ കൊടുക്കുന്നു.<br>1. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ. ഇ. ഡി.മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണപ്രകാരം 9 വാട്ട് എൽ. ഇ. ഡി ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.40 കോടി ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.<br>2. കെ.എസ്.ഇ.ബി.എൽ- ന്റെ 211 സബ് ഡിവിഷൻ ഡി.എസ്.എം സെല്ലുകൾ വഴി ഉപഭോക്താക്കൾക്ക് നേരിട്ടും റസിഡൻസ് അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക കലാ സംഘടനകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ ഉത്സവാഘോഷ മേളകൾ മുതലായവ മുഖാന്തിരവും ലഘുലേഖകളിലൂടെയും ക്ലാസ്സുകളിലൂടെയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം തുടർച്ചയായി നടത്തി വരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ എനർജി വോളണ്ടിയർമാർ ഉപഭോ |

ക്താക്കളുടെ ഊർജ്ജ ഉപഭോഗത്തെപറ്റിയും ഊർജ്ജ സംരക്ഷണത്തെപറ്റിയും ഉള്ള പരാതികളും സംശയങ്ങളും വീട്ടുകളിൽ നേരിട്ട് എത്തി നിവാരണം ചെയ്യുന്നു. ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ എത്തിക്കുകയും ചെയ്തു.

3. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീട്ടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് "ഫിലമെന്റ് രഹിത കേരളം" കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ. ഇ. ഡി ബൾബുകൾ വിതരണം ചെയ്യാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഭാഗമായി ഗാർഹികഉപഭോക്താക്കൾക്ക് ഉൾപ്പെടെ ഗുണമേന്മയുള്ള എൽ.ഇ.ഡി ബൾബുകൾ കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ സംഘങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ ബൾബുകളും തിരിച്ചെടുത്ത് സുരക്ഷിതമായി സംസ്കരിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഗാർഹിക മേഖലയിൽ ഊർജ്ജ നഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് ഇ.എം.സി

താഴെപറയുന്ന പരിപാടികൾ നടത്തി വരുന്നുണ്ട്.

**മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമ പഞ്ചായത്ത് പദ്ധതി**

ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. ഇതു പ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ ഊർജ്ജകാര്യക്ഷമതാ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 35 വാട്ട്സിന്റെയും 18 വാട്ട്സിന്റെയും 200 വീതം എൽ.ഇ.ഡി തെരുവു വിളക്കുകൾ ഓരോ പഞ്ചായത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

**ഊർജ്ജ ക്ലിനിക്ക്**

വീടുകളിലെ ഊർജ്ജോപയോഗം എങ്ങനെ കാര്യക്ഷമമാക്കാം എന്ന് വീട്ടമ്മമാർക്ക് മനസ്സിലാക്കിക്കൊടുക്കുന്ന പരിപാടിയാണ് ഊർജ്ജ ക്ലിനിക്ക്. ഇ.എം.സിയിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാരാണ് ഊർജ്ജ ക്ലിനിക് പരിപാടി നടത്തുന്നത്.

**ഊർജ്ജ കിരൺ**

കേരളത്തിലെ സർക്കാരിതര സംഘടനകളുമായി ചേർന്ന് കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഗാർഹിക ഊർജ്ജ സംരക്ഷണത്തിൽ പരിശീലന പരിപാടികൾ/ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നു.

**സ്മാർട്ട് എനർജി പരിപാടി**

വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനും അവരവരുടെ വീടുകളിൽ ഏതെല്ലാം വിധത്തൽ ഊർജ്ജലാഭം നേടാം എന്ന് മനസ്സിലാക്കി കൊടുക്കുന്നതിനും

| | | | |
|---|---|---|---|
| | | | സ്മാർട്ട് എനർജി പരിപാടി നിലവിലുണ്ട്.<br>**സ്റ്റാൻഡേർഡ്സ് ആന്റ് സ്റ്റാർ ലേബലിംഗിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ**<br>ഊർജ്ജ കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരുന്നതിന് വിവിധ സംഘടനകളുമായി ചേർന്നു സംസ്ഥാനത്തുടനീളം ബോധവൽക്കരണ പരിപാടികളും ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ പ്രദർശനങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്.<br>കേരളത്തിലെ പൊതുജന വായന ശാലകളുമായി ചേർന്ന് പ്രാദേശികതലത്തിൽ ഗാർഹിക ഊർജ്ജസംരക്ഷണത്തെക്കുറിച്ച് പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ